**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1265** **10.08.2017 ൽ മറുപടിയ്ക്ക്**

## മൂന്നാറിലെ അനധികൃത കൈയ്യേറ്റം

**ചോദ്യം**

**ശ്രീ.പി.ടി. തോമസ്**
**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ.അൻവർ സാദത്ത്**
**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാറിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ)ഇടുക്കി ജില്ലയിലെ മൂന്നാർ മേഖലയിലെ സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റങ്ങൾ ദേവികുളം സബ് ഡിവിഷന് കീഴിൽ വരുന്ന ദേവികുളം ഉടുമ്പൻചോല താലൂക്ക് തഹസീൽദാർമാരും ബന്ധപ്പെട്ട വില്ലേജ് ആഫീസർമാരും 1971 ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ), 1957-ലെ കേരളാ ഭൂമിസംരക്ഷണം എന്നീ നിയമങ്ങളുടേയും ചട്ടങ്ങളുടെയും, 2008 ലെ കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി 2009) പ്രകാരമുള്ള ശിക്ഷാ നടപടികളുടേയും അടിസ്ഥാനത്തിൽ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മൂന്നാർ കൈയ്യേറ്റ ഭൂമി തിരിച്ചുപിടിക്കുവാൻ സർക്കാരിന് ഇച്ഛാശക്തി വേണമെന്ന് കേരള ഹൈക്കോടതി നടത്തിയ പരാമർശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഈ പരാമർശത്തിന് അടിസ്ഥാനമായ വസ്തുത എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) ഇക്ക് കെ.ഡി.എച്ച് വില്ലേജിലെ സർവ്വെ നമ്പർ 62/10സിയിൽപ്പെട്ട 22 സെന്റ് കുത്തകപ്പാട്ട ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി റവന്യൂ വകുപ്പ് സ്വീകരിച്ച ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾക്കെതിരായി ശ്രീ.വി.വി.ജോർജ് ബഹു.കേരളാ ഹൈക്കോടതി മുമ്പാകം ഫയൽ ചെയ്ത W.P(C)19733/17 നമ്പർ റിട്ട് ഹർജിയിന്മേൽ 04/07/17-ലുണ്ടായിട്ടുള്ള വിധി ന്യായത്തിൽ കയ്യേറ്റഭൂമി തിരിച്ചുപിടിക്കുന്നതിന് സർക്കാരിന് ഇച്ഛാശക്തി വേണമെന്ന് പരാമർശിച്ചിട്ടുണ്ട്. |
| (സി) | മൂന്നാറിലെ ലൗഡെയിൽ ഹോം സ്റ്റേയും 22 സെന്റ് ഭൂമിയും തിരിച്ചുപിടിക്കുവാനുള്ള നടപടിയ്ക്ക് കേരള ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) കയ്യേറ്റഭൂമിയും തന്നിലുള്ള കെട്ടിടവും ഒഴിഞ്ഞു പോകുന്നതിന് ബഹു.കേരള ഹൈക്കോടതി മൂന്ന് മാസത്തെ സോപാധിക സാവകാശം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | മൂന്നാർ വിഷയം ചർച്ചചെയ്യുവാൻ മുഖ്യമന്ത്രി യോഗം വിളിച്ചിരുന്നോ;പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ മൂന്നാറിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് സഹായകമാണോ എന്ന് വ്യക്തമാക്കുമോ? | (ഡി) മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതലയോഗത്തിൽ എല്ലാ അനധികൃത കയ്യേറ്റങ്ങളും നിയമാനുസൃതം ഒഴിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ